പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 198

28.10.2019 ൽ
മറുപടിയ്ക്ക്

## പോക്സോ കോടതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ദിവാകരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| സംസ്ഥാനത്ത് പോക്സോ (POCSO) കോടതികൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | 03.06.2009 ലെ എസ്.ആർ.ഒ നം.446/2009 (E.O.G No.1011 dt 06.06.2009) പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രിൻസിപ്പൽ സെഷൻസ് കോടതികളെയും 31.03.2015 ലെ എസ്.ആർ.ഒ നം.203/2015 (E.O.G No.785/2015 dt 07.04.2015) പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികളെയും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടുന്ന കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള കോടതികളായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 11.07.2019 ലെ സ.ഉ (കൈ) നം.101/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം എറണാകുളത്ത് പോക്സോ ആക്ട്, സെക്ഷൻ 28 അനുശാസിക്കും പ്രകാരം പ്രത്യേക കോടതി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>SUO MOTO WP (Crl.) No.1/2019 കേസിന്റെ 25.07.2019 ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളമുള്ള പോക്സോ കേസുകൾ തീർപ്പാക്കുന്നതിന് അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 03.09.2019 ന് ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിയമവകുപ്പ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ഹൈക്കോടതി രജിസ്ട്രാർ, ഐ.ജി. (ക്രൈംസ്) |

എന്നിവരുടെ യോഗം വിളിച്ചു ചേർക്കുകയും, സംസ്ഥാനത്തെ 14 ജില്ലകളിലും പോക്സോ ആക്ടിനു കീഴിൽ വരുന്ന കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതി തുടങ്ങുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി ഇക്കാര്യത്തിൽ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാറിന് സമർപ്പിക്കാൻ സാമൂഹ്യനീതി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ